C 5165 (Pages : 3) Name..................................

Reg. No..................................

**THIRD AND FOURTH SEMESTER M.A./M.Sc./M.Com. DEGREE EXAMINATION, APRIL/MAY 2021**

(PVT/SDE)

(CUCBCSS)

Malayalam

DML 303—SANSKRIT—I

(2017 to 2018 Admissions)

Time : Three Hours Maximum : 100 Marks

I. कुमारसम्भवानुसारेण हिमालयस्य महत्वमुपवर्णयत ।

**अथवा**

उपमा कालिदासस्य इत्युक्ति ग्रन्थभागानुसारेण विशदयत ।

(1 × 20 = 20 marks)

II. Explain fully any *four* :

1 अस्त्युत्तरस्यां दिशि देवतात्मा हिमालयो नाम नगाधिराजः ।
पूर्वापरौ तोयनिधी वगाह्य स्तितः पृथिव्या इव मानदण्डः ।।

2 चन्द्रं गता पद्मगतान् न भुङ्क्ते पद्माश्रिता चान्द्रमसीमभिख्याम् ।
उमामुखं तु प्रतिपद्य लोला द्विसंश्रयां प्रीतिमवाप बाला ।।

3 महीभृतः पुत्रवतोऽपि दृष्टि तस्मिन्नपत्ये न जगाम तृप्तिम् ।
अनन्तपुष्पस्य मधोर्हि चूते द्विरेफमाला सविशेषसङ्गा ।।

4 अथावमानेन पितुः प्रयुक्ता दक्षस्य कन्या भवपूर्वपत्नी ।
सती सती योगविसृष्टदेहा तांजन्मने शैलवधूं प्रपेदे ।।

5 प्रभामहत्या शिखयेव दीपः त्रिमार्गयेव त्रिदिवस्य मार्गः ।
संस्कारवत्येव गिरा मनीषी तया स पूतश्च विभूषितश्च ।।

6 आमेखलं सञ्चरतां घनानां छायामिषे सानुगतां निषेव्य ।
उद्वेजिता वृष्टिभिराश्रयन्ते शृङ्गाणि यस्यातपवन्ति सिद्धाः ।।

(4 × 5 = 20 marks)

**Turn over**

CHMK LIBRARY UNIVERSITY OF CALICUT

III. Annotate any *four* :

1 मुक्ताफलैः केसरिणां किराताः ।

2 कुर्वन्ति बालव्यजनैश्चमर्यः ।

3 शैलाधिपत्यं स्वयमन्वतिष्ठत् ।

4 नीताविवोत्साहगुणेन सम्पत् ।

5 पश्चादुमाख्यां सुमुखी जगाम ।

6 प्रपेदिरे पाक्तनजन्मविद्याः ।

(4 × 5 = 20 marks)

IV. (a) Decline any *two* :

1 युष्मद् ।

2 कवि ।

3 वनम् ।

4 लता ।

(2 × 2 = 4 marks)

(b) Conjugate any *two* :

1 भू लोट्

2 वन्द् लट् ।

3 भू धातुः लङ् ।

4 वन्द् धातुः लिट् ।

(2 × 2 = 4 marks)

(c) Split Sandhi of any *four* :

1 विभूषितश्च ।

2 शिखयेव ।

CHMK LIBRARY UNIVERSITY OF CALICUT

3 किरणेष्विवाङ्क: ।

4 हिमेऽपि ।

5 विधिनोपयेमे ।

6 नीताविव ।

(4 × 1½ = 6 marks)

(d) Give Vigrahavakya of any *four* :

1 नगाधिराज: ।

2 गुणसन्निपात: ।

3 कपोलकण्डु: ।

4 वनितासख: ।

5 स्थितिज्ञ: ।

6 राजहंस: ।

(4 × 1½ = 6 marks)

V. Explain the causes of poetry by Mammata in Kavyaprakasa.

*Or*

Discuss the divisions of poetry with illustrations as per Kavyaprakasa.

(1 × 10 = 10 marks

VI. Explain the Mahakavya as noted by Dandin.

*Or*

What is the concept of Kavya in Kavyadarsa.

(1 × 10 = 10 marks

CHMK LIBRARY UNIVERSITY OF CALICUT

C 5164 (Pages : 3) Name..................................

Reg. No..................................

# THIRD AND FOURTH SEMESTER M.A./M.Sc./M.Com. DEGREE EXAMINATION, APRIL/MAY 2021

(CUCBCSS)

(PVT/SDE)

Malayalam

DML 314—FOLKLORE

(2017 to 2018 Admissions)

Time : Three Hours Maximum : 100 Marks

I. ഓരോന്നിനും ഒറ്റവാക്കിൽ **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക.

1 സംഘക്കളിയുടെ മറ്റൊരു പേര്.

2 തോമാശ്ലീഹാ ചോള കേരള രാജ്യങ്ങളിൽ ചെയ്ത കർമ്മങ്ങൾ വർണ്ണിക്കുന്ന കളിപ്പാട്ട്.

3 "പെണ്ണായ ഞാനും വിറയ്ക്കുന്നില്ല

ആണായ നിങ്ങൾ വിറയ്ക്കുന്നതെന്തേ ?"

—എന്നു ചോദിച്ച വടക്കൻ പാട്ടിലെ വീരനായിക.

4 പുത്തരിയങ്കത്തിൽ ഉണിച്ചന്ത്രോരുടെ ചേകവനായി അങ്കം വെട്ടിയതാര് ?

5 കേരളത്തിലെ റോബിൻഹുഡ് എന്നു വിളിച്ചു വരുന്ന അങ്കച്ചേകവർ.

6 തൊണ്ണൂറാംവീട്ടിലെ ഉണ്ണിയമ്മയെ വിവാഹം കഴിച്ച വടക്കൻ പാട്ടിലെ വീരനായകൻ.

7 കൂവലൂരിനു സമീപമുള്ള പെണ്ണരശു നാട്ടിലെ തമ്പുരാട്ടിയുടെ മകളുടെ പേര്.

8 പഞ്ചവൻ കാടുമായി ബന്ധപ്പെട്ട പാട്ടു കഥയിലെ നായിക.

9 തെക്കൻപാട്ടുകളെ ബാധാപ്രീതി കരങ്ങൾ, ദേശചരിത്ര പരങ്ങൾ, ദേവാരാധനോപയുക്തങ്ങൾ എന്നു മൂന്നായി വിഭജിച്ച സാഹിത്യ ചരിത്ര കർത്താവ്.

10 കുഞ്ചൻ നമ്പ്യാരുടെ 'ഘോഷയാത്ര' ഓട്ടൻ തുള്ളലിൽ സ്മരിക്കുന്ന പെരുമാൾ.

11 കണിയാകുളത്തു പോരിന്റെ പ്രശസ്തനാമം.

12 രാമപ്പയ്യന്റെ യുദ്ധവീര്യത്തെ അടിസ്ഥാനമാക്കി രചിച്ച നാടോടിക്കഥാഗാനം.

13 കല്ക്കുളത്തിന്റെ പില്ക്കാലത്തു പ്രശസ്തമായ പേര്.

14 റഷ്യൻ നാടോടിക്കഥകൾക്ക് ധർമ്മപരമായ 31 ഏകകമുണ്ടെന്നു കണ്ടെത്തിയ ഫോക്‌ലോറിസ്റ്റ്.

15 ഫോക്‌ലോർ എന്ന പേര് ആദ്യമായി പ്രത്യക്ഷപ്പെട്ട മാസിക.

16 'ആന്റിക്വേറിയൻ റിപ്പോർട്ട്'റിന്റെ പ്രസിദ്ധീകരണം ആരംഭിച്ചത് ആര് ?



CHMK LIBRARY UNIVERSITY OF CALICUT

17 'ഒബ്സർവേഷൻ ഓൺ പോപ്പുലർ ആന്റിക്വിറ്റീസ് 'എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച പഠനം തയ്യാറാക്കിയ പണ്ഡിതൻ.

18 'ഫോക് ലോർ സൊസൈറ്റി ഓഫ് ഇംഗ്ലണ്ട്' എന്ന സംഘടനയ്ക്ക് രൂപം നല്കിയത് ആര് ?

19 ഇംഗ്ലീഷിലുണ്ടായ ആദ്യത്തെ നാടോടിക്കഥാസമാഹാരം ഏത് ?

20 താരതമ്യാത്മക പുരാവൃത്തപഠനപദ്ധതിക്കു നേതൃത്വം വഹിച്ച സംസ്കൃത പണ്ഡിതൻ.

(20 × ½= 10 marks)

II. മുമ്മൂന്നു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

21 (a) വാമൊഴിയിലൂടെ മാത്രം സംക്രമിക്കുന്ന വസ്തുതകളല്ല ഫോക്‌ലോർ—വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) അജ്ഞാതകർത്തൃകതയും പാരമ്പര്യവും ഒന്നോടൊന്നു ചേർന്നു പോകുന്നവയാണ് തെളിയിക്കുക.

22 (a) നൃത്തത്തിന് മറ്റെല്ലാ കലകളുടെയും മാതൃത്വമുള്ളതായി കണക്കാക്കപ്പെട്ടു വരുന്നു—അപഗ്രഥിക്കുക.

**അല്ലെങ്കിൽ**

(b) നാടോടി നൃത്തത്തിന്റെ സവിശേഷതകൾ വിവരിക്കുക.

23 (a) പ്രാകൃത ഗാനങ്ങളെപ്പറ്റിയുള്ള സി.എം. ബൌറയുടെ നിരീക്ഷണങ്ങൾ ശ്രദ്ധാർഹമാണ്—പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) നാടൻപാട്ടുകളും പ്രാകൃതഗാനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ആരായുക.

24 (a) പ്രകൃതിയെ ആരാധിച്ചിരുന്ന പൂർവ്വ പാരമ്പര്യത്തിന്റെ കണികകൾ പടയണിയിൽ പ്രകടമാണ് വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) കേരളീയമായ സൗന്ദര്യ സങ്കല്പത്തിന്റെ കൊടിയടയാളമാണ് മുടിയേറ്റ്—വിശദീകരിക്കുക.

25 (a) ഫോക്‌ലോർ പലപ്പോഴും സാഹിത്യത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നു—തെളിയിക്കുക.

**അല്ലെങ്കിൽ**

(b) പ്രാദേശിക ഭാഷയുടെയും സാംസ്കാരിക രൂപങ്ങളുടെയും അനന്തസാദ്ധ്യതകൾ ഒ.വി. വിജയന്റെ കഥകളിൽ നിന്ന് ബോദ്ധ്യമാകും –ശരിയോ ? പ്രതികരിക്കുക.

(5 × 6 = 30 marks)

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

26 (a) തനതായ പ്രഥമ സാഹചര്യത്തിലുള്ളതു മാത്രമാണ് ഫോക്‌ലോർ എന്ന് ശഠിക്കാനാവില്ല നിർണ്ണയിക്കുക.

**അല്ലെങ്കിൽ**

(b) പ്രായോഗികഫോക്‌ലോർ എന്ന ആശയം തന്നെ മുതലാളിത്തത്തിന്റെയും ആധുനികതയും സൃഷ്ടിയാണ്—വിശദീകരിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

27 (a) പ്രത്യക്ഷത്തിൽ വളരെ വിചിത്രമായിത്തോന്നുന്ന സംഭവങ്ങളുടെ അനുക്രമമാണ് പുരാവൃത്തങ്ങൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) ഐതിഹ്യങ്ങളുടെ വിഭജനം പലപ്പോഴും അതിവ്യാപനമെന്ന ദോഷത്തിൽ പെട്ടു പോകും. അത് ഒഴിവാക്കാൻ പ്രയാസവുമാണ്–പ്രതികരിക്കുക.

28 (a) അനുഷ്ഠാനപരതയുടെ മൂർദ്ധന്യത്തിൽ അപൗരുഷേയമായ ഒരു ലോകക്രമം തീർക്കുകയാണ് തോറ്റങ്ങളുടെ ലക്ഷ്യം–ആരായുക.

**അല്ലെങ്കിൽ**

(b) കാക്കാരിശ്ശി നാടകത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.

29 (a) നാടോടി വാസ്തുവിദ്യയുടെ ചേതോഹരമായ മുഖം ആരാധനാലയങ്ങളുടെ നിർമ്മാണത്തിൽ കാണാം –ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) നിർദ്ദേശിക്കപ്പെട്ട നിയമങ്ങളുണ്ടെങ്കിലും അവ മാറ്റത്തിനു വിധേയമാണ് നാടൻ കളികളിൽ –വിശദീകരിക്കുക.

30 (a) നാടൻ ജനതയുടെ പരമ്പരാഗതമായ കലാനൈപുണി അവരുടെ കൈവേലകളിൽ പ്രകടമാണ് -ഉപന്യസിക്കുക.

**അല്ലെങ്കിൽ**

(b) ഔഷധവിജ്ഞാനം ഏതു ദേശത്തിന്റെയും സംസ്കാരിക പാരമ്പര്യത്തിന്റെ ഭാഗമാണ് –വിശകലനം ചെയ്യുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5163 (Pages : 3) Name.....................................

Reg. No.................................

# THIRD AND FOURTH SEMESTER M.A./M.Sc./M.Com. DEGREE EXAMINATION, APRIL/MAY 2021

(PVT/SDE)

(CUCBCSS)

Malayalam

## DML 307—MALAYALA NATAKAM

(2017 to 2018 Admissions)

Time : Three Hours Maximum : 100 Marks

I. ഓരോന്നിനും ഒറ്റവാക്കിൽ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1 ആദ്യകാലനാടകമായ 'സുഭദ്രാർജ്ജുനം' എഴുതിയത് ആര് ?

2 ഭാഷാ നാടക പ്രവാഹത്തിലെ അർത്ഥശൂന്യമായ സങ്കേതദാസ്യത്തെ പരിഹസിച്ച് ശീവൊള്ളി രചിച്ച നാടകം.

3 'ബാലാകലേശ'ത്തിന്റെ രചയിതാവ്.

4 'കുറുപ്പില്ലാക്കളരി ' ഉൾപ്പെടുന്ന സാഹിത്യവിഭാഗം.

5 'ബി.എ. മായാവി' എഴുതിയത് ആര് ?

6 ആഢ്യസ്ഥാനീയരായ നായികാനായകന്മാരുടെ സ്ഥാനത്ത് യാചകരെ പ്രതിഷ്ഠിച്ച് കേശവദേവ് രചിച്ച നാടകം.

7 'വേശുവമ്മയുടെ വിശറി' എന്ന നാലപ്പാടന്റെ പരിഭാഷയ്ക്ക് ആധാരമായ നാടകം.

8 ഈ.എം. കോവൂരിന്റെ 'കാട്ടുതാറാവ് ' എന്ന കൃതിക്ക് ആധാരമായ ഇബ്സന്റെ നാടകം.

9 കാലടി ഗോപിയുടെ 'ഏഴുരാത്രികൾ' കേരളത്തിലുടനീളം അവതരിപ്പിച്ച നാടകക്കമ്പനി.

10 'നാടകദർപ്പണം' എന്ന ലക്ഷണ ഗ്രന്ഥത്തിന്റെ കർത്താവ്.

11 'രാജ്യശുല്ക്കം' എന്ന പേരിൽ ശ്രീകണ്ഠൻ നായർ എഴുതിയ നാടകത്തിന്റെ പില്ക്കാലത്തെ പ്രശസ്തമായ പേര്.

12 മലയാളത്തിലെ ഒന്നാമത്തെ രാഷ്ട്രീയനാടകമെന്ന് സി.ജെ. തോമസ് വിശേഷിപ്പിച്ച കൃതി.

13 'മറിയാമ്മാ നാടകത്തിന്റെ രചയിതാവ്.

14 വിദ്വാൻ പി. കേളുനായർ രചിച്ച സ്വതന്ത്ര സംഗീത നാടകം.

15 കല്ലൂർ ഉമ്മൻ പിലിപ്പോസിന്റെ 'ആൾമാറാട്ടം' നാടകത്തിന് ആധാരമായ കൃതി.

CHMK LIBRARY UNIVERSITY OF CALICUT

16 കൈനിക്കര കുമാരപ്പിള്ളയുടെ 'ദുരന്ത ദുശ്ശങ്ക' എന്ന കൃതിക്ക് അടിസ്ഥാനമായ ഷേക്സ്പിയർ നാടകം.

17 'കാല്‌വരിയിലെകല്പപാദസം' എന്ന നാടകത്തിന്റെ രചയിതാവ്.

18 'നാടകപ്രവേശിക' രചിച്ചത്.

19 'പൂമ്പാറ്റയെ കഴുത്തിറുക്കി കൊല്ലുകയാണല്ലോ കുട്ടികൾക്കു കൗതുകം' എന്ന സംഭാഷണം ഏതു നാടകത്തിൽ ?

20 പരിത്യക്തയും ചിത്രഗുപ്തനും പ്രത്യക്ഷപ്പെടുന്ന നാടകം.

(20 × ½ = 10 marks)

II. മുമ്മൂന്നു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

21 (a) തമിഴ് സംഗീതനാടകവേദി അപചയപ്പെട്ട വിക്റ്റോറിയൻ നാടകത്തിന്റെ വിദൂരമായ അനുകരണമാണ് –പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) ഷേക്സ്പിയർ നാടകങ്ങൾ മലയാള നാടകവേദിയെ കാര്യമായി സ്വാധീനിച്ചില്ല. ശരിയോ ? പ്രതികരിക്കുക.

22 (a) 'പാട്ടബാക്കി'യുടെ പ്രചാരണലക്ഷ്യം കലാപരമായി ആ നാടകത്തെ പരാജയപ്പെടുത്തി വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) നമ്പൂതിരിയെ മനുഷ്യനാക്കുന്ന സമൂഹനന്മ മാത്രമല്ല സൗന്ദര്യാവബോധത്തിന്റെ അംശവും 'അടുക്കളയിൽനിന്ന് അരങ്ങത്തേക്കി'നെ ശ്രദ്ധാർഹമാക്കുന്നു–തെളിയിക്കുക.

23 (a) ചിന്താമണ്ഡലം കേടുപിടിച്ച സ്വപ്നദർശിയും വികാരഭരിതനുമാണ് സമത്വവാദി–ശരിയോ ? നിർണ്ണയിക്കുക.

**അല്ലെങ്കിൽ**

(b) പല തട്ടുകളിൽ യാഥാർത്ഥ്യം ഉൾക്കൊള്ളുന്ന കഥാപാത്രങ്ങൾ ഒന്നിച്ചു വരുമ്പോഴത്തെ വിഭ്രാന്തികമായ അവസ്ഥ ക്രൈം നാടകത്തിലുണ്ട് –പരിശോധിക്കുക.

24 (a) നിലവിലുള്ള നാടകസങ്കല്പങ്ങളെ 'സൃഷ്ടിനാടകം' വിമർശന വിധേയമാക്കുന്നതെങ്ങനെ ? ആരായുക.

**അല്ലെങ്കിൽ**

(b) 'ലങ്കാലക്ഷ്മി'യിലെ ഏറ്റവും ഹൃദയസ്പൃക്കായ ഭാവം ഉൾക്കൊള്ളുന്ന കഥാപാത്രം സുപാർശ്വൻ തന്നെ–തെളിയിക്കുക.

25 (a) കേരളത്തിന്റെ തനതു പാരമ്പര്യവുമായി ബന്ധപ്പെട്ട രംഗപദ്ധതിയാണ് 'തനതു നാടകവേദി'–ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) 'ഗോദൊയെ കാത്ത്'എന്ന നാടകത്തിന്റെ ദർശനതലം വിശകലനം ചെയ്യുക.

(5 × 6 = 30 marks)

CHMK LIBRARY UNIVERSITY OF CALICUT

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

26 (a) മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനത്തെ മുഗ്ദ്ധമതികൾക്കു കൂടി ആസ്വദിക്കാൻ കഴിയുമാറ് നാടകരൂപത്തിലാക്കുകയാണ് കാളിദാസൻ ചെയ്തത് –പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) അഭിജ്ഞാന ശാകുന്തളം നാലാമങ്കം കാളിദാസന്റെ ശില്പരചനാ വൈദഗ്ദ്ധ്യത്തിന് മികച്ച ഉദാഹരണമാണ്. തെളിയിക്കുക.

27 (a) സമകാല സമൂഹത്തിലെ അപാകങ്ങളെ വിമർശ വിധേയമാക്കുകയാണ് വി.ടി., 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിൽ ചെയ്തത്–പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) കാർഷികാടിത്തറയുള്ള ഒരു സാമൂഹിക ജീവിതക്രമത്തിൽ വരുന്ന മാറ്റം 'പാട്ടബാക്കി' അടയാളപ്പെടുത്തുന്നതെങ്ങനെ ? ആരായുക.

28 (a) മലയാള നാടകരംഗത്ത് നൂതനമായ ഒരു പരീക്ഷണമായിരുന്നു സി.ജെ.യുടെ ക്രൈം നാടകം തെളിയിക്കുക.

**അല്ലെങ്കിൽ**

(b) വിരുദ്ധസ്വഭാവങ്ങൾ, വിരുദ്ധ ദർശനങ്ങൾ, വിരുദ്ധതാത്പര്യങ്ങൾ എന്നിവയുടെ ഏറ്റുമുട്ടലാണ് 'സമത്വവാദി' നാടകം ആവിഷ്കരിക്കുന്നത് –അപഗ്രഥിക്കുക.

29 (a) സ്ഥിതി സമത്വത്തിന്റെ തകർച്ച മനുഷ്യ മനസ്സുകളെ വിഹ്വലമാക്കുന്ന അവസ്ഥയാണ് 'സൃഷ്ടി'യിൽ കെ.ടി. പ്രതിപാദിച്ചത്–വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) വംശകഥയായ 'ലങ്കാലക്ഷ്മി'വിയോഗത്തിന്റെ ദുരന്തമാണ് പ്രതീതമാക്കുന്നത്–വിശകലനം ചെയ്യുക.

30 (a) മനുഷ്യവംശത്തിന്റെ ഉദ്വേഗങ്ങളുടെ പാപഭാരവും പേറുന്ന മൂർത്തിയാണോ തിരുവാഴിത്താൻ ? പ്രതികരിക്കുക.

**അല്ലെങ്കിൽ**

(b) അസംബന്ധ നാടകവേദി രൂപീകരിക്കാൻ ഇടയായ സാഹചര്യം വിവരിക്കുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5162 (Pages : 3) Name.....................................

Reg. No.....................................

# THIRD AND FOURTH SEMESTER M.A./M.Sc./M.Com. DEGREE EXAMINATION, APRIL/MAY 2021

(PVT/SDE)

(CUCBCSS)

Malayalam

DML 305—VIVARTHANAM : THATHVAVUM PRAYOGAVUM

(2017 to 2018 Admissions)

Time : Three Hours Maximum : 100 Marks

I. ഓരോന്നിനും ഒറ്റവാക്കിൽ **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക.

1 'വിവർത്തനത്തിൽ നഷ്ടപ്പെടുന്നതെന്തോ അതാണു കവിത' എന്ന അഭിപ്രായം ആരുടെ ?

2 'പരദേശി മോക്ഷയാത്ര' എന്ന പരിഭാഷയ്ക്ക് ആധാരമായ കൃതി.

3 ഈജിപ്ഷ്യൻ ഭാഷയിൽ എഴുതിയ വസ്തുതകൾ ഗ്രീക്കു ഭാഷയിലേക്കു മൊഴി മാറ്റിയ —————— പ്രാചീന ശിലാശാസനം.

4 ലോകഭാഷകളിൽ ഏറ്റവുമധികം വിവർത്തനം ചെയ്യപ്പെട്ട മതഗ്രന്ഥം.

5 ഭാഷാകൗടലീയത്തിന് അടിസ്ഥാനമായ കൃതി.

6 'ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റിന് തോമ്മാക്കത്തനാർ തയ്യാറാക്കിയ പരിഭാഷയുടെ പേര്.

7 ഭാരതീയ ഭാഷകളിൽ സംസ്കൃതം കഴിഞ്ഞാൽ മലയാളത്തിലേക്ക് ഏറ്റവും കൂടുതൽ വിവർത്തനം നടന്നത് ഏതു ഭാഷയിൽ നിന്ന് ?

8 കല്ലൂർ ഉമ്മൻ പിലിപ്പോസിന്റെ 'ആൾമാറാട്ട'ത്തിന് അടിസ്ഥാനമായ കൃതി.

9 'Towards a Science of Translation' എന്ന ഗ്രന്ഥം രചിച്ചത്.

10 'Ode to a Nightingale' എന്ന കവിതയ്ക്ക് 'രാപ്പാടിയോട് 'എന്ന പേരിൽ പരിഭാഷ തയ്യാറാക്കിയ കവയിത്രി.

11 'ഗീതഗോവിന്ദത്തിന് ചങ്ങമ്പുഴ നടത്തിയ വിവർത്തനത്തിന്റെ പേര്.

12 ചെറുശ്ശേരിയുടെ കൃഷ്ണഗാഥയ്ക്ക് ആധാരമായ പുരാണം.

13 വിവർത്തനത്തിന്റെ പഞ്ചതത്ത്വങ്ങൾ ആവിഷ്കരിച്ച പാശ്ചാത്യ പണ്ഡിതൻ.

14 വിവിധ സാഹിത്യരൂപങ്ങളിൽ ഏതിൽ നിന്നാണ് മലയാളത്തിലേക്ക് ഏറ്റവും കൂടുതൽ പരിഭാഷകൾ വന്നത്.

15 വിവർത്തനവിജ്ഞാനം ഉൾപ്പെടുന്ന ഭാഷാശാസ്ത്രമേഖല.

CHMK LIBRARY UNIVERSITY OF CALICUT

16 Translating poetry : Seven strategies and a Blue print എന്ന പുസ്തകത്തിന്റെ രചയിതാവ്.

17 വിക്ടർ ഹ്യൂഗോയുടെ Les miserables-ന് നാലപ്പാട്ടു നാരായണമേനോൻ തയ്യാറാക്കിയ പരിഭാഷ.

18 ശാസ്ത്രീയ രീതിയിലുള്ള വിവർത്തനത്തിന്റെ സ്ഥാപകനെന്ന് പുകഴ്ത്തപ്പെട്ട ആദ്യത്തെ ബൈബിൾ പരിഭാഷകൻ.

19 ഏതു ഭാഷയിൽ നിന്ന് വിവർത്തനം ചെയ്യുന്നുവോ ആ ഭാഷയെക്കുറിക്കുന്ന സാങ്കേതിക സംജ്ഞ ?

20 സൂക്ഷ്മം, സ്വതന്ത്രം, തത്ത്വാനുരൂപം എന്നിങ്ങനെ പരിഭാഷയെ തരംതിരിച്ച പണ്ഡിതൻ.

(20 × ½ = 10 marks)

II. മുമ്മൂന്നു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

21 (a) രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം വിവർത്തനത്തിന്റെ പ്രാധാന്യം ഏറെ വർദ്ധിച്ചു–ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) മൗലികരചനയെപ്പോലെ തന്നെ പരിഭാഷയും സർഗ്ഗാത്മകമായ പ്രവൃത്തിയാണ്–തെളിയിക്കുക.

22 (a) വിവർത്തനം ഭാഷയെ മാത്രമാശ്രയിക്കാതെ മറ്റു പ്രതീകങ്ങളെയും ആശ്രയിക്കുന്നു –വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) വാക്യാർത്ഥം മാത്രം പ്രസക്തമായ സന്ദർഭങ്ങളിൽ പദാനുപദ വിവർത്തനം യോജിക്കും –പരിശോധിക്കുക.

23 (a) പ്രയോഗങ്ങളുടെയും ശൈലികളുടെയും പരിഭാഷയിലെ സമസ്യകൾ അപഗ്രഥിക്കുക.

**അല്ലെങ്കിൽ**

(b) ശാസ്ത്രകൃതികളുടെ വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ പ്രതിപാദിക്കുക.

24 (a) എ. ആർ. രാജരാജവർമ്മയുടെ വിവർത്തന സമ്പ്രദായം അഭിജ്ഞാന ശാകുന്തളത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) ചങ്ങമ്പുഴയുടെ വിവർത്തനത്തെ സ്വതന്ത്രമെന്നോ പുനഃസൃഷ്ടിയെന്നോ വിശേഷിപ്പിക്കാം –പ്രതികരിക്കുക.

25 (a) കവിതാവിവർത്തനത്തിന്റെ സങ്കീർണ്ണത ഗീതാഞ്ജലിയെ ആധാരമാക്കി നിരൂപിക്കുക.

**അല്ലെങ്കിൽ**

(b) കഥാവിവർത്തനം ഉചിതമാകണമെങ്കിൽ ധാരാളം സ്വാതന്ത്ര്യമെടുക്കേണ്ടി വരും–ശരിയോ ? പരിശോധിക്കുക.

(5 × 6 = 30 marks)

CHMK LIBRARY UNIVERSITY OF CALICUT

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

26 (a) വിവർത്തന വിഭജനം രൂപം, സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ നിർവഹിക്കുക.

**അല്ലെങ്കിൽ**

(b) പണ്ഡിത പരിതോഷവാദം, നികഷോപലവാദം, പാശ്ചാത് വിവർത്തനം എന്നിവ വിവരിക്കുക.

27 (a) താരതമ്യ സാഹിത്യപഠനം സുകരമാക്കുന്ന മാദ്ധ്യമമെന്ന നിലയിൽ വിവർത്തനത്തിനുള്ള പ്രാധാന്യം നിർണ്ണയിക്കുക.

**അല്ലെങ്കിൽ**

(b) ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കു പകരുന്ന അർത്ഥമണ്ഡലത്തിനു സംഭവിക്കുന്ന പരിണാമം സങ്കീർണ്ണമായ ഒരു സാംസ്കാരിക പ്രക്രിയയാണ്–അപഗ്രഥിക്കുക..

28 (a) നാടകകൃതിയെ ശുദ്ധസാഹിത്യമായി കരുതി പരിഭാഷപ്പെടുത്തുന്നത് ശരിയല്ല –എന്തു കൊണ്ട് ? പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) പരസ്യങ്ങളുടെ പരിഭാഷ എപ്രകാരമാകണമെന്ന് നിർദ്ദേശിക്കുക.

29 (a) കവിയും ഭക്തനുമായ എഴുത്തച്ഛൻ അദ്ധ്യാത്മ രാമായണത്തിൽ സശ്രദ്ധമായ ഒരു രാസപരിണാമം തന്നെ നടത്തിയിരിക്കുന്നു–വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) നാലപ്പാട്ടു നാരായണമേനോന്റെ വിവർത്തന സമ്പ്രദായം വിശകലനം ചെയ്യുക.

30 (a) സാമ്പ്രദായിക വിവർത്തന സംരംഭങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമാണ് ആർ.ഇ. ആഷറുടെ ശ്രമം പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) 'പലപ്പോഴും ഞാനിതു നോവലായി വായിക്കുകയല്ല, സിനിമയായി കാണുകയാണ് ചെയ്തത്' എന്ന പ്രസ്താവനയുടെ അടിസ്ഥാനത്തിൽ 'കുഞ്ഞുകാര്യങ്ങളുടെ ഒടേ തമ്പുരാ'നെ വിലയിരുത്തുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5161 (Pages : 3) Name....................................

Reg. No..................................

# THIRD AND FOURTH SEMESTER M.A./M.Sc./M.Com. DEGREE EXAMINATION, APRIL/MAY 2021

PVT/SDE

(CUCBCSS)

Malayalam

DML 304—SAHITYA SIDHANTHAM–AADHUNIKAM

(2017 to 2018 Admissions)

Time : Three Hours Maximum : 100 Marks

I. ഓരോന്നിനും ഒറ്റവാക്കിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1 ജോൺമിൽട്ടന്റെ പാരഡൈസ് ലോസ്റ്റ് ഉൾപ്പെടുന്ന സാഹിത്യവിഭാഗം.

2 Eve of St. Agnes എന്ന കാവ്യത്തിന്റെ രചയിതാവ്.

3 ഘാതകവധം എന്ന പരിഭാഷയ്ക്ക് ആധാരമായ നോവൽ.

4 Faerie Queene' എന്ന കാവ്യം രചിച്ചത് ?

5 സാമുവൽ റിച്ചാർഡ്സന്റെ ഏതു കൃതിക്കാണ് പ്രഥമനോവൽ എന്ന പരിഗണന ലഭിച്ചത് ?

6 സ്ക്രിപ്റ്റർ ക്ലാസ്സിക്കസ്, സ്ക്രിപ്റ്റർ പ്രോലിറ്റേറിയസ് എന്നു സാഹിത്യകാരന്മാരെ തരം തിരിച്ച ലാറ്റിൻ വൈയാകരണൻ.

7 റൊമാന്റിസിസത്തിന്റെ ആദ്യ ലക്ഷണ പ്രബന്ധമെന്നു വിശേഷിപ്പിക്കാവുന്ന മുഖവുരയുടെ പേര്.

8 കാല്പനിക പ്രസ്ഥാനത്തിന് കേസരി ബാലകൃഷ്ണപിള്ള നല്കിയ പേര്.

9 ഡാഡ എന്ന പദത്തിന് ഫ്രഞ്ചു ഭാഷയിലെ അർത്ഥം.

10 Andre Breton-നുമായി ബന്ധപ്പെട്ട പ്രസ്ഥാനം.

11 'The Experimental Novel and other essays' എഴുതിയത്.

12 'Intuitive knowledge is expressive knowledge' എന്ന് അഭിപ്രായപ്പെട്ട സാഹിത്യവിമർശകൻ.

13 'കൺഫഷൻസ്' എന്ന പ്രഖ്യാതഗ്രന്ഥം രചിച്ചത്.

14 Biographia Literaria എഴുതിയ പ്രശസ്ത വിമർശകൻ.

15 'Poetry in a general sense may be defined to be the expression of the imagination' എന്നു നിർവചിച്ച ആംഗ്ലേയ കവി.

CHMK LIBRARY UNIVERSITY OF CALICUT

Turn over

16 Jacques Derrida അവതരിപ്പിച്ച പഠനപദ്ധതി.

17 Discourse analysis എന്ന സങ്കല്പനവുമായി ബന്ധപ്പെട്ട വിമർശകൻ.

18 വ്യവഹാരത്തിന്റെ അടിത്തറ ഭാഷയാണെന്നു പ്രസ്താവിച്ച ഭാഷാശാസ്ത്രജ്ഞൻ.

19 ഭാഷാവ്യവസ്ഥയ്ക്കു സദൃശമാണ് സംസ്കാരരംഗത്തെ വ്യവസ്ഥകളുമെന്നു സിദ്ധാന്തിച്ച ഫ്രഞ്ച് കൾച്ചറൽ ആന്ത്രോപ്പോളജിസ്റ്റ്.

20 ഫെമിനിസ്റ്റ് എന്ന വാക്ക് ആദ്യമായി പ്രത്യക്ഷപ്പെട്ട ആനുകാലിക പ്രസിദ്ധീകരണം.

(20 × ½ = 10 marks)

II. മുമ്മൂന്നു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

21 (a) ഗോർക്കി വിവരിച്ച പ്രോലിറ്റേറിയൻ ഹ്യൂമനിസവും തദനുസൃതമായ ക്രിയാപരിപാടിയിലേക്കുള്ള പ്രേരണയും അന്തർഭവിച്ചിരിക്കുന്ന സാഹിത്യമാണ് സോഷ്യലിസ്റ്റ് റിയലിസമെന്ന പ്രസ്ഥാനത്തിൽ പെടുന്നത് –ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) ക്ലാസിസിസത്തിന്റെ വസ്തുനിഷ്ഠതയിലേക്കുള്ള മടക്കമെന്ന് ഇമേജിസത്തെ വിശേഷിപ്പിക്കാമോ ? പ്രതികരിക്കുക.

22 (a) കവിത പ്രചോദനത്തോടൊപ്പം ക്രാഫ്റ്റും കൂടിയാണെന്ന ഡോ. ജോൺസന്റെ അഭിപ്രായം വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) കവിതയ്ക്കെതിരേയുള്ള ആരോപണങ്ങളെ ഫിലിപ്പ് സിഡ്നി പ്രതിരോധിക്കുന്നതെങ്ങനെ ? ആരായുക.

23 (a) കവിത ഭാഷയുടെ കലയാണെന്ന പോൾ വലേറിയുടെ അഭിപ്രായം വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) കവിതയിലെ ഭാഷയുടെ അർത്ഥതലങ്ങൾ അഥവാ ധർമ്മങ്ങളെക്കുറിച്ചുള്ള ഐ.എ. റിച്ചാർഡ്സിന്റെ അഭിപ്രായം നിരൂപിക്കുക.

24 (a) മാർക്സിയൻ നിരൂപണ സമ്പ്രദായത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ പ്രതിപാദിക്കുക.

**അല്ലെങ്കിൽ**

(b) സൊസ്യൂറിന്റെ ഭാഷാ ശാസ്ത്ര സങ്കല്പങ്ങൾ വിമർശനത്തെ സ്വാധീനിച്ചതെങ്ങനെ ? ആരായുക.

25 (a) യഥാർത്ഥ അധികാരത്തിന്റെ പ്രയോഗം 'വ്യവഹാര'ത്തിന്റെ മാദ്ധ്യമത്തിലൂടെയാണെന്ന മിഷേൽ ഫൂക്കോയുടെ വാദം പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) പോസ്റ്റ് കൊളോണിയലിസം എന്ന സങ്കല്പം ആഗോള മുതലാളിത്തത്തിന്റെ സാമ്പത്തിക അധിനിവേശങ്ങളെ കണ്ടില്ലെന്നു നടിക്കുന്നു–ശരിയോ ? പ്രതികരിക്കുക.

(5 × 6 = 30 marks)

CHMK LIBRARY UNIVERSITY OF CALICUT

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

26 (a) റൊമാന്റിസിസം ഒരു വ്യക്തിയുടെ മനോഭാവമാണ്, ലോകാവലോകന സമ്പ്രദായമാണ്–ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) ഭൂതകാല സ്വാധീനത്തോടുള്ള നിഷേധവും പാരമ്പര്യത്തോടുള്ള വെല്ലുവിളിയും ആധുനികതയിൽ അന്തർഭവിച്ചിരിക്കുന്നു—തെളിയിക്കുക.

27 (a) മനുഷ്യ സാഹോദര്യ ബോധത്തെ അനുഭൂതിയാക്കി മാറ്റുകയാണ് കല ചെയ്യുന്നത് എന്ന ടോൾസ്റ്റോയിയുടെ ദർശനം വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) കലയുടെ ആന്തരികാവസ്ഥയിലാണ് ക്രോച്ചേ ശ്രദ്ധ മുഴുവനും കേന്ദ്രീകരിച്ചത് –ശരിയോ ? പ്രതികരിക്കുക.

28 (a) എലിയറ്റിന്റെ വിമർശനനിലപാടുകൾ ഉരുത്തിരിയുന്നത് കല, പാരമ്പര്യം എന്നിവ സംബന്ധിച്ച സ്വകീയദർശനത്തിൽ നിന്നാണ്–വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) മദർ ആർക്കിടൈപ്പിനെക്കുറിച്ചുള്ള സി.ജി. യുങ്ങിന്റെ നിരീക്ഷണങ്ങൾ പരിശോധിക്കുക.

29 (a) ഫെമിനിസം എന്നാലെന്ത് ? അതിന്റെ ഭിന്നശാഖകൾ ഏതെല്ലാം ? വിവരിക്കുക.

**അല്ലെങ്കിൽ**

(b) വ്യാഖ്യാന ശാസ്ത്രത്തിന്റെ പ്രസക്തി ആരായുക.

30 (a) സാമാന്യവും കാവ്യഗതവുമായ ബന്ധത്തിന്റെ സങ്കീർണ്ണവും മനഃശാസ്ത്രപരവുമായ വ്യാഖ്യാനമാണ് ജൂലിയ ക്രിസ്റ്റേവ അവതരിപ്പിക്കുന്നത്–ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) വ്യത്യാസത്തെ സൂചിപ്പിക്കുകയും അർത്ഥത്തെ നീട്ടി വയ്ക്കുകയുമാണ് ഭാഷയുടെ ധർമ്മമെന്ന ദെറീദയുടെ ദർശനം വിലയിരുത്തുക.

($5 \times 12 = 60$ marks)

CHMK LIBRARY UNIVERSITY OF CALICUT

C 5160 (Pages : 3) Name.................................

Reg. No.................................

# THIRD AND FOURTH SEMESTER M.A./M.Sc./M.Com. DEGREE EXAMINATION, APRIL/MAY 2021

PVT/SDE

(CUCBCSS)

Malayalam

DML 302—KERALA SAMSKARAM

(2017 to 2018 Admissions)

Time : Three Hours Maximum : 100 Marks

I. ഓരോന്നിനും ഒറ്റ വാക്കിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക :

1 ഇതുവരെ കണ്ടു കിട്ടിയതിൽ വച്ച് ഏറ്റവും വലിയ ചുവർച്ചിത്രമുള്ള കൊട്ടാരം.

2 തുലുക്കക്കാശിനെക്കുറിച്ച് പരാമർശമുള്ള പ്രാചീന മണിപ്രവാള ചമ്പു.

3 ചേരരാജാക്കന്മാരുടേതായി കേരളത്തിൽ നിന്നു കിട്ടിയിട്ടുള്ള ആദ്യ ശാസനം.

4 ഒന്നാം ചേര സാമ്രാജ്യത്തിന്റെ തലസ്ഥാനം.

5 മഴ കുറഞ്ഞ, മരുഭൂമി ഉൾക്കൊള്ളുന്ന തിണ.

6 ഏതു മതവുമായി ബന്ധപ്പെട്ട ഗ്രന്ഥമാണ് മാമൂൻ ?

7 കരിയാറ്റിൽ യൗസേപ്പ് മല്പാനും പാറേമ്മാക്കൽ തോമാക്കത്തനാരും കൂടി നടത്തിയ യൂറോപ്പു യാത്ര പ്രതിപാദിക്കുന്ന പുസ്തകം.

8 അറബി മലയാളത്തിലെ പ്രഥമ കാവ്യമായി കരുതപ്പെടുന്ന കൃതി.

9 ചടയൻ, കരുനന്തടക്കൻ എന്നിവർ ഉൾപ്പെടുന്ന രാജവംശം.

10 'സൗന്ദര്യലഹരി'യുടെ രചയിതാവ്.

11 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' എന്നു പ്രസ്താവിച്ച സാമൂഹിക പരിഷ്കർത്താവ്.

12 ആത്മവിദ്യാസംഘത്തിന്റെ സ്ഥാപകൻ.

13 'വേദാധികാരനിരൂപണം' എഴുതിയ സന്ന്യാസി.

14 ഫ്രെഡറിക് മുള്ളർ പത്രാധിപരായി 1847-ൽ തുടങ്ങിയ പ്രസിദ്ധീകരണം.

15 കേരളത്തിലെ ആദ്യ മലയാളം അച്ചടിശാല സ്ഥാപിതമായ സ്ഥലം.

16 സാധുജന പരിപാലനസംഘം സ്ഥാപകൻ.

CHMK LIBRARY UNIVERSITY OF CALICUT

Turn over

17 കേരളവർമ്മ വലിയ കോയിത്തമ്പുരാനെ വീട്ടു തടങ്കലിലാക്കിയ മഹാരാജാവ്.

18 ക്ഷേത്ര പ്രവേശന വിളംബരം പ്രഖ്യാപിച്ച തിരുവിതാംകൂർ മഹാരാജാവ്.

19 പുന്നപ്ര-വയലാർ സംഭവകാലത്തെ തിരുവിതാംകൂർ ദിവാൻ.

20 1956 നവംബർ ഒന്നിന്റെ പ്രാധാന്യം.

(20 × ½ = 10 marks)

II. മുമ്മൂന്നു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

21 (a) കേരളത്തിലെ മഹാശിലാ സ്മാരകങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.

**അല്ലെങ്കിൽ**

(b) കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ അവസ്ഥ ഒരു തനതു സംസ്കാര രൂപീകരണത്തിനു സഹായകമായതെങ്ങനെ ? ആരായുക.

22 (a) ആര്യാധിനിവേശം സമൂഹതലത്തിൽ പല മാറ്റങ്ങൾക്കും വഴി തെളിച്ചു–അപഗ്രഥിക്കുക.

**അല്ലെങ്കിൽ**

(b) ആയ് രാജ്യത്തിലെ സാമൂഹിക ജീവിതം പലതു കൊണ്ടും ശ്രദ്ധാർഹമായിരുന്നു–വിശദീകരിക്കുക.

23 (a) ഹിന്ദുമതത്തിലെ ജീർണ്ണതകൾക്കെതിരേ ഉയർന്ന ചൈതന്യപൂർണ്ണമായ പ്രതികരണമാണ് ഭക്തിപ്രസ്ഥാനം–പ്രതികരിക്കുക.

**അല്ലെങ്കിൽ**

(b) കേരളത്തിന്റെ കലാസാംസ്കാരിക രംഗങ്ങളിൽ ക്ഷേത്രങ്ങൾ നിർണ്ണായക പങ്കു വഹിച്ചു–ചർച്ച ചെയ്യുക.

24 (a) വേദാന്തി എന്ന നിലയിലും സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിലും ചട്ടമ്പിസ്വാമികൾ പ്രസിദ്ധനാണ്–വിവരിക്കുക.

**അല്ലെങ്കിൽ**

(b) പോർട്ടുഗീസുകാർക്ക് കേരള ജനതയുടെ വിശ്വാസവും പിന്തുണയും നേടാൻ കഴിഞ്ഞില്ല. ശരിയോ ? പ്രതികരിക്കുക.

25 (a) ഐക്യകേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ നടന്ന ശ്രമങ്ങൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) ഭൂപരിഷ്കരണം കേരളത്തിലെ കാർഷികമേഖലയെ ബാധിച്ചതെങ്ങനെ ? ആരായുക.

(5 × 6 = 30 marks)

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

26 (a) കേരളത്തിന് വൈദേശിക കേന്ദ്രങ്ങളുമായി പ്രാചീന കാലത്ത് നിലവിലിരുന്ന വാണിജ്യ ബന്ധത്തിന് അടിസ്ഥാനം തുറമുഖങ്ങളായിരുന്നു–പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) പ്രാചീന കേരളം സുഗന്ധദ്രവ്യ വ്യാപാരത്തിൽ കീർത്തി കേട്ടിരുന്നു–ചർച്ച ചെയ്യുക.

CHMK LIBRARY UNIVERSITY OF CALICUT

27 (a) സംഘകാലത്തെ ജനജീവിതത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) കേരളത്തിലെ ബുദ്ധജൈനമതാവശിഷ്ടങ്ങളെപ്പറ്റി വിവരിക്കുക.

28 (a) ജന്മി സമ്പ്രദായത്തിന്റെ ആവിർഭാവ പരിണാമങ്ങൾ ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) മരുമക്കത്തായത്തിന്റെ വൃദ്ധിക്ഷയങ്ങൾ അപഗ്രഥിക്കുക.

29 (a) സന്ന്യാസത്തിന്റെയും സാമൂഹികബോധത്തിന്റെയും ഉദാത്തഭാവം പ്രകടമാക്കിയ ഋഷിവര്യനാണ് ശ്രീനാരായണഗുരു–ഉപന്യസിക്കുക.

**അല്ലെങ്കിൽ**

(b) ദേശീയ ശ്രദ്ധ ആകർഷിച്ച സമരമായിരുന്നു വൈക്കം സത്യാഗ്രഹം–വിശകലനം ചെയ്യുക.

30 (a) സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം സ്വാതന്ത്ര്യാനന്തര കാലത്ത് വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്–ശരിയോ ? പ്രതികരിക്കുക.

**അല്ലെങ്കിൽ**

(b) കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ സ്വകാര്യ പങ്കാളിത്തം ഒഴിവാക്കാനാവാത്ത സ്ഥിതിവിശേഷണമാണ്–ചർച്ച ചെയ്യുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 5159** (Pages : 3) Name.................................

Reg. No.................................

# THIRD AND FOURTH SEMESTER M.A./M.Sc./M.Com. DEGREE EXAMINATION, APRIL/MAY 2021

(PVT/SDE)

(CUCBCSS)

Malayalam

DML 301—SAHITYA SIDHANTHAM - PRACHEENAM

(2017 to 2018 Admissions)

Time : Three Hours Maximum : 100 Marks

I. ഓരോന്നിനും ഒന്നോ രണ്ടോ വാക്കിൽ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1 ഋഷിയല്ലാത്തവൻ കവിയല്ല എന്നു പ്രഖ്യാപിച്ച സാഹിത്യചിന്തകൻ.

2 'രമണീയാർത്ഥ പ്രതിപാദകഃ ശബ്ദഃ കാവ്യം' എന്നു നിർവ്വഹിച്ച ആചാര്യൻ.

3 കാവ്യസാധനങ്ങൾ ലോകം, വിദ്യ, പ്രകീർണ്ണം എന്നിവയാണെന്നു പ്രഖ്യാപിച്ച ആലങ്കാരികൻ ?

4 പ്രതിഭയെ കാരയിത്രി, ഭാവയിത്രി എന്നിങ്ങനെ വിഭജിച്ച സാഹിത്യ ശാസ്ത്രകാരൻ.

5 'പ്രതിഭാ അപൂർവ്വ വസ്തു നിർമ്മാണ ക്ഷമാപ്രജ്ഞാ' എന്നു വ്യക്തമാക്കിയ ആചാര്യൻ.

6 'വ്യക്തിവിവേകം' രചിച്ച ആലങ്കാരികൻ.

7 'രസോ വൈ സഃ' എന്ന വാക്യം ഏത് ഉപനിഷത്തിൽ നിന്ന് ?

8 പ്രഖ്യാതമായ രസസൂത്രം പ്രത്യക്ഷപ്പെടുന്ന നാട്യശാസ്ത്രത്തിലെ അദ്ധ്യായം.

9 രസസൂത്ര വ്യാഖ്യാനമായ ഉത്പത്തി വാദത്തിന്റെ ആചാര്യൻ.

10 വ്യഭിചാരി ഭാവത്തിന്റെ പ്രശസ്തമായ മറ്റൊരു പേര്.

11 നിർവേദത്തിൽ നിന്ന് പ്രതീതമാകുന്ന രസം.

12 കാവ്യാത്മാവ് ധ്വനിയാണെന്നു പ്രഖ്യാപിച്ച ഗ്രന്ഥം.

13 വ്യംഗ്യത്തെക്കാൾ ചമത്കാരം വാച്യത്തിനായാൽ ആ കാവ്യപ്രകാരത്തിന്റെ പേര്.

14 വക്രോക്തി സിദ്ധാന്തം ആവിഷ്കരിച്ച ആചാര്യൻ.

15 "തിങ്കളല്ലിതു വിൺഗംഗാ
പങ്കജം വികസിച്ചത്"
—അർത്ഥാലങ്കാരം ?

16 "കല്പദ്രുകല്പ ദ്രുപദേന്ദ്രപുത്രീ
സാരസ്യസാരസ്യനിവാസ ഭൂമിം"
—ശബ്ദാലങ്കാരം ?

CHMK LIBRARY UNIVERSITY OF CALICUT

Turn over

17 കുന്നും മലയും നിറഞ്ഞ ഭൂപ്രകൃതി ഉൾക്കൊള്ളുന്ന തിണ.

18 വംശസ്ഥത്തിന്റെ പാദാന്ത്യവർണ്ണം വിട്ടാൽ വൃത്തം.

19 ഭ്രാന്തിന്റെ ജല്പനമാണു കവിത എന്ന അഭിപ്രായം ഉന്നയിച്ച ഗ്രീക്ക് തത്ത്വജ്ഞാനി.

20 'എസ്സേ ഓൺ ദി സബ്ലൈം' രചിച്ചത്.

(20 × ½ = 10 marks)

II. മുമ്മൂന്ന് പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

21 (a) കാവ്യത്തെ പല കോണുകളിൽ നിന്നു സമീപിച്ച് വ്യത്യസ്തതരത്തിൽ വിഭജിക്കാൻ കഴിയും—പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) ദശരൂപക സങ്കല്പത്തിന്റെ പ്രാധാന്യവും പ്രസക്തിയും ആരായുക.

22 (a) സകല കാവ്യ ശാസ്ത്ര സിദ്ധാന്തങ്ങളിലും വ്യാപിയായി വർത്തിക്കുന്ന തത്ത്വമാണ് ഔചിത്യം —നിരൂപിക്കുക.

**അല്ലെങ്കിൽ**

(b) കവി കൗശലവും കാവ്യ സൗന്ദര്യവും വക്രോക്തിയിൽ അന്തർഭവിക്കും—തെളിയിക്കുക.

23 (a) സാഹിത്യ ശാസ്ത്ര ഗ്രന്ഥമെന്ന നിലയിൽ ലീലാതിലകത്തിന്റെ വ്യക്തിത്വം ഏഴും എട്ടും ശില്പത്തിൽ പ്രകടമാണ്—ശരിയോ ? പ്രതികരിക്കുക.

**അല്ലെങ്കിൽ**

(b) ഭാഷാഭൂഷണത്തിലെ അർത്ഥാലങ്കാര വിഭജനം രുദ്രടാചാര്യനെ അനുസരിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്—പരിശോധിക്കുക.

24 (a) ദ്രാവിഡസാഹിത്യ ശാസ്ത്ര ചിന്തയുടെ അടിസ്ഥാനം ലൗകികതയാണെന്നു പറയാം—വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) ദ്രാവിഡ സൗന്ദര്യശാസ്ത്രത്തിന്റെ കാതലായ തത്ത്വം തിണയാണ്—വിവരിക്കുക.

25 (a) കവിയുടെയും ആസ്വാദകന്റെയും അഭിരുചിയെ സംസ്കരിക്കുക എന്നതായിരുന്നു ഹോരസിന്റെ ലക്ഷ്യം—പ്രതികരിക്കുക.

**അല്ലെങ്കിൽ**

(b) യഥാർത്ഥമായ ഉദാത്തതയെക്കുറിച്ചുള്ള ലോംഗിനസ്സിന്റെ ചിന്തകൾ വിശകലനം ചെയ്യുക.

(5 × 6 = 30 marks)

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

26 (a) കാവ്യപ്രയോജനത്തെക്കുറിച്ചുള്ള പൗരസ്ത്യചിന്തകരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

(b) കാവ്യഹേതുക്കളിൽ പ്രതിഭയുടെ പ്രാധാന്യം നിർണ്ണയിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

27 (a) കാവ്യഗുണങ്ങളെക്കുറിച്ചുള്ള വാമനന്റെ നിലപാട് ഭരതനിൽ നിന്നും ദണ്ഡിയിൽ നിന്നും വ്യത്യസ്തമാണ്–ശരിയോ ? പ്രതികരിക്കുക.

**അല്ലെങ്കിൽ**

(b) രീതിഭേദത്തിന്റെ ആധാരമായി പലരും പല തത്ത്വങ്ങളാണ് പരിഗണിച്ചത്–വിശകലനം ചെയ്യുക.

28 (a) കാവ്യത്തിന്റെ സമസ്ത ധർമ്മങ്ങളും സമന്വയിപ്പിച്ച് അവതരിപ്പിച്ചത് ആനന്ദവർദ്ധനനാണ് –തെളിയിക്കുക.

**അല്ലെങ്കിൽ**

(b) വ്യംഗ്യത്തിന്റെ അടിസ്ഥാനത്തിലുള്ള ധ്വനിവിഭജനം ചർച്ച ചെയ്യുക.

29 (a) രസാസ്വാദനത്തിൽ സംഭവിക്കുന്ന സപ്തവിഘ്നങ്ങൾ അഭിനവഗുപ്തൻ വിവരിക്കുന്നതെങ്ങനെ ? പ്രതിപാദിക്കുക.

**അല്ലെങ്കിൽ**

(b) നിഷ്പത്തിക്ക് ഭുക്തി എന്നും സംയോഗത്തിന് ഭാവകത്വവ്യാപാരഫലമായ സാധാരണീകരണമെന്നുമാണ് ഭട്ടനായകൻ നല്കുന്ന അർത്ഥം–വിശദീകരിക്കുക.

30 (a) കലാനിരൂപണത്തിലെ ക്ലാസ്സിക്കൽ വീക്ഷണത്തിന് കുറയറ്റ ദൃഷ്ടാന്തമാണ് പോയറ്റിക്സ് –തെളിയിക്കുക.

**അല്ലെങ്കിൽ**

(b) കവിസൃഷ്ടി മൂന്നാംതരം അനുകരണ മാത്രമാകുന്നു എന്ന പ്ലേറ്റോയുടെ വാദം വിമർശനബുദ്ധ്യാ വിലയിരുത്തുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT